compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 മാർച്ച് 24
Tuesday, 24th March 2026

1201 മീനം 10
10th Meenam 1201

1948 ചൈത്രം 3
3rd Chaithra 1948

വാല്യം 15
Vol. XV

നമ്പർ / **No.** **12**

Part III

Muncipal Administration

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫോറം -IV

(ചട്ടം 19(2) കാണുക)

വടകര മുനിസിപ്പൽ കൗൺസിൽ

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് (2016-ലെ 9)-ലെ 36-ാം വകുപ്പിന്റെ 4-ാം ഉപവകുപ്പ് പ്രകാരം കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ചത് സംബന്ധിച്ചുള്ള നോട്ടീസ്.

താഴെ പറയുന്ന അതിരുകളോടുകൂടിയ തദ്ദേശാസൂത്രണ പ്രദേശത്തിന്റെ /തദ്ദേശ ആസൂത്രണ പ്രദേശത്തിന്റെ ഭാഗത്തിന്റെ കരട് മാസ്റ്റർപ്ലാൻ വടകര മുനിസിപ്പൽ കൗൺസിൽ പരിഷ്കരണങ്ങളോടുകൂടി സ്വീകരിച്ചത് വടകര മുനിസിപ്പൽ കൗൺസിലിന്റെ ഔദ്യോഗിക വെബ്സൈറ്റായ vadakaramunicipality.lsgkerala.gov.in ൽ 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിന്റെ (2016-ലെ 9)-ലെ 36-ാം വകുപ്പിന്റെ 4-ാം ഉപവകുപ്പ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

വടക്ക് :- ചോറോട് ഗ്രാമപഞ്ചായത്ത്

കിഴക്ക് :- വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്ത്, മണിയൂർ ഗ്രാമപഞ്ചായത്ത്

തെക്ക് :- പയ്യോളി മുനിസിപ്പാലിറ്റി

പടിഞ്ഞാറ് :- ലക്ഷദ്വീപ് കടൽ

കരട് മാസ്റ്റർ പ്ലാൻ പ്രദേശത്ത് നിലവിലുള്ള വിശദ നഗരാസൂത്രണ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ

എ) അംഗീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ നിലവിലില്ല.

ബി) പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ നിലവിലില്ല.

സി) മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തി റദ്ദാക്കാൻ ഉദ്ദേശിക്കുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ, കാരണം സഹിതം വിശദീകരിക്കുക (നിലവിലില്ല)

ഡി) നിലനിർത്തുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ നിലവിലില്ല

കരട് മാസ്റ്റർപ്ലാനിന്റെ പകർപ്പ് പ്രവൃത്തി സമയത്ത് പൊതുജനങ്ങളുടെ പരിശോധനയ്ക്കായി വടകര മുനിസിപ്പൽ കൗൺസിലിന്റെ ഓഫീസിൽ ലഭ്യമാണ്.

പ്ലാനിൽ താല്പര്യമുള്ള ഏതൊരാൾക്കും ഇത് സംബന്ധിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും പ്രസിദ്ധികരണം സംബന്ധിച്ച നോട്ടീസ് ഔദ്യോഗിക ഗസറ്റിൽ വന്ന തീയ്യതി മുതൽ 60 ദിവസത്തിനകം വടകര മുനിസിപ്പൽ കൗൺസിൽ സെക്രട്ടറിക്ക് രേഖാമൂലം എഴുതി നൽകാവുന്നതാണ്.

2016-ലെ കേരള നഗര - ഗ്രാമാസൂത്രണ ആക്ട് (2016-ലെ 9)-ലെ 61-ാം വകുപ്പ് പ്രകാരം ബാധകമായ നിയന്ത്രണങ്ങൾക്കനുസൃതമല്ലാതെയാതൊരാളും ഭൂമി വിനിയോഗിക്കുകയോ, വിനിയോഗിക്കാൻ ഇടയാക്കുകയോ, ഏതെങ്കിലും ഭൂവികസനം നടപ്പാക്കുകയോ ഭൂവിനിയോഗത്തിന് മാറ്റം വരുത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.

(ഒപ്പ്)
സെക്രട്ടറി,
വടകര നഗരസഭ

(ഒപ്പ്)
ചെയർപേഴ്സൺ
വടകരനഗരസഭ

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.03.24 04:06:22 +05:30